# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.49

04.06.2018-ൽ മറുപടിക്ക്

## പി.എസ്.സി. പരിഷ്കാരങ്ങൾ മൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി

ചോദ്യം
ശ്രീ.പി.സി.ജോർജ്ജ്

ഉത്തരം
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കേരള പി.എസ്.സി.യിൽ പുതുതായി നടപ്പിലാക്കിയ പരിഷ്കാരങ്ങളിൽ ഒന്നായ, ഹാൾ ടിക്കറ്റ് നേരത്തേ ഡൗൺലോഡ് ചെയ്യണമെന്ന നിബന്ധന മൂലം ഒട്ടേറെ ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ: | (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 26.05.2018 ന് നിശ്ചയിച്ചിരുന്ന Woman Civil Police Officer, Civil Police Officer (Cat. No. 653/17 & 657/17) എന്നീ തസ്തികകളുടെ പരീക്ഷ മുതൽക്കാണ് പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിൽ പ്രവേശിച്ച് confirmation നൽകുകയും, confirmation നൽകിയ ഉദ്യോഗാർത്ഥികൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിക്കുന്ന തീയതി മുതൽ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്ന രീതി ആരംഭിക്കുകയും ചെയ്തത്. സിവിൽ പോലീസ് ഓഫീസറുടെ പരീക്ഷയുമായി ബന്ധപ്പെട്ട് 07.05.2018 വരെ confirmation നൽകാത്ത ഉദ്യോഗാർത്ഥികൾക്ക് 11.05.2018 രാത്രി 11.59 വരെയുള്ള മൂന്നുദിവസം കൂടി സമയം നീട്ടി നൽകുകയും ചെയ്തിരുന്നു. പരീക്ഷയ്ക്കായി അപേക്ഷ സമർപ്പിച്ചിരുന്ന എല്ലാ ഉദ്യോഗാർത്ഥികൾക്കും അവരുടെ പ്രൊഫൈലിലും വ്യക്തിഗത മൊബൈലിലേക്കും 3 തവണ സന്ദേശം നൽകുകയും, കൂടാതെ സംസ്ഥാനത്തിലെ എല്ലാ അച്ചടി |

| | | | |
|---|---|---|---|
| | | | ദൃശ്യമാധ്യമങ്ങൾ, കമ്മീഷന്റെ ഫെയ്സ്ബുക്ക് പേജ് എന്നിവ വഴിയും അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. |
| (ബി) | ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിന് രണ്ട് തീയതികൾ കൂടി ഓപ്ഷണൽ ആയി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ